


# സ്വയം ഇല്ലാതായി ഫലം ചൂടുന്നതിന്റെ മാഹാത്മ്യം

ഗലാ. 2:19 – 21, യോഹ. 12:20 – 26 Vol. 12, Issue: 6

ബ്ര. ബിനു കുളങ്ങര

**ദി**വ്യകാരുണ്യ ഈശോയിൽ സ്നേഹമുള്ള വരേ,

Rainbow Sorrow എന്ന തന്റെ ഗ്രന്ഥത്തിൽ ഫുൾട്ടൻ ജെ. ഷീൻ ഇപ്രകാരം എഴുതുന്നു: Love is a mystery – സ്നേഹം ഒരു രഹസ്യമാണ്. സാധാരണ ബുദ്ധിക്ക് അഗ്രാഹ്യമായ ഒരു രഹസ്യം. അതിന്റെ യഥാർത്ഥ ഭാവവും സ്വഭാവവും നമുക്ക് പിടുത്തം കിട്ടാറില്ല.

ദൈവസ്നേഹത്താൽ കത്തിജ്വലിച്ച് സഹനങ്ങളെ യേശുവിന്റെ സ്നേഹചുംബനങ്ങളായിക്കണ്ട് എനിക്ക് സഹനം തരിക, ഒപ്പം സഹിക്കാനുള്ള കഴിവും എന്നു പറയാൻ അൽഫോൻസാമ്മയെ പ്രേരിപ്പിച്ച ഘടകവും സ്നേഹം തന്നെയാണ്. ജീവിച്ചിരുന്ന അവസരത്തിൽ ഒരു മണൽത്തരിയുടെ പോലും വിലയില്ലാതിരുന്ന ഒരു പാവപ്പെട്ട സ്ത്രീ മരണമടഞ്ഞ ശേഷം ദൈവത്തിന്റെയും ലോകം മുഴുവന്റെയും മുമ്പിൽ വിലയുള്ളവളായി തീർന്നതിന്റെ കഥ പറയുന്ന ദിവസമാണ് ഇന്നേ ദിവസം – വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിവസം. സ്നേഹത്തിൽ നിന്നുളവായ സഹനമാണ് അവളെ വിശുദ്ധയാക്കിയത്. ആദ്യമേ തന്നെ തിരുനാളിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹപൂർവ്വം നേരുന്നു.

അനേകായിരങ്ങൾക്ക് സുവിശേഷത്തിന്റെ ആവേശം പകരാൻ, അഗ്നി കൊളുത്താൻ പീഠത്തിന്മേൽ വയ്ക്കപ്പെട്ട വിളക്കാണ് 1910 ആഗസ്റ്റ് 19-ാം തീയതി കേരളത്തിലെ കുടമാളൂർ ഇടവകയിൽ മുട്ടത്തുപാടത്ത് കുടുംബത്തിൽ ഭൂജാതയായ അന്നക്കുട്ടി എന്ന അൽഫോൻസാമ്മ. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിക്കുന്ന ഇന്നേ ദിവസം തിരുസഭാ മാതാവ് നമ്മുടെ വിചിന്തനത്തിനായി നൽകുന്നത് വി. യോഹന്നാന്റെ സുവിശേഷം 12-ാം അദ്ധ്യായം 20 മുതൽ 26 വരെയുള്ള വാക്യങ്ങളാണ്.

വി. യോഹന്നാന്റെ സുവിശേഷം 12-ാം അദ്ധ്യായത്തിന്റെ 24-ാം വാക്യത്തിൽ ഈശോ ഇപ്രകാരം പറയുന്നു: “ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേ

പടി ഇരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും.'' ഗോതമ്പുമണി പോലെ അഴുകിത്തീർന്നു കൊണ്ട് ഈശോയുടെ സ്വന്തമായിത്തീർന്നവളാണ് വി. അൽഫോൻസാമ്മ.

1929 ആഗസ്റ്റ് 20-ാം തീയതി ഭരണങ്ങാനം ക്ലാരമഠത്തിൽ ചേരാൻ അന്നക്കുട്ടി ഉപേക്ഷിച്ചത് സ്വന്തം സൗന്ദര്യമായിരുന്നു. 1930 മെയ് 19-ന് സഭാവസ്ത്രവും 1936 ആഗസ്റ്റ് 12-ന് നിത്യവ്രതവും സ്വീകരിക്കാൻ നഷ്ടമാക്കിയത് സ്വന്തം കുടുംബാംഗങ്ങളെ ആയിരുന്നു. മഠത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ കഴിഞ്ഞുകൊണ്ട് കൂടെയുള്ള സഹോദരിമാർക്കു മുമ്പിൽ തോറ്റുകൊടുത്ത് 1946 ജൂലൈ 28-ന് അൽഫോൻസാമ്മ ഇഹലോകവാസം വെടിഞ്ഞപ്പോൾ ദൈവത്തിനു മുമ്പിൽ അവൾ വിജയി ആവുകയായിരുന്നു. ഭാരതസഭയ്ക്ക് ഒരു വിശുദ്ധ ഭൂജാതയാവുകയായിരുന്നു.

എന്റെ ജീവതമാണ് എന്റെ സന്ദേശം എന്ന ഗാന്ധിജിയുടെ വാക്കുകൾ അൽഫോൻസാമ്മയെക്കുറിച്ച് പറയുമ്പോൾ പ്രസക്തമാണ്. അവളുടെ സഹനജീവിതം തന്നെയായിരുന്നു ലോകത്തിന് അവൾ നൽകിയ സന്ദേശവും. സ്നേഹം, ത്യാഗം, സേവനം, സഹനം എന്നത് ജീവിതത്തിന്റെ മുദ്രാവാക്യമായി എടുത്തുകൊണ്ട് ഗോതമ്പുമണി പോലെ അഴുകിത്തീർന്ന് അനേകായിരങ്ങളിലേക്ക് വിശ്വാസത്തിന്റെ വെളിച്ചം വീശിയ സഹനപുത്രി. അവളുടെ ആഗ്രഹം ഒരു ഗോതമ്പുമണി ആയിത്തീരണം എന്നതായിരുന്നു. അവളുടെ മറ്റൊരു ആഗ്രഹം ഒരു മുന്തിരിച്ചാറായിത്തീരണമമെന്നതായിരുന്നു. അൽഫോൻസാമ്മയുടെ സ്വപ്നത്തിന്റെ മറുവശം മുന്തിരിപ്പഴത്തിന്റെ സൗന്ദര്യം ആയിരുന്നില്ല മറിച്ച്, മുന്തിരിച്ചാറ് ആയിത്തീർന്ന ആ സഹനത്തിന്റെ പ്രക്രിയ ആയിരുന്നു. ഗോതമ്പുമണിയുടെ സൗന്ദര്യം ആയിരുന്നില്ല മറിച്ച് ഗോതമ്പുമണി പൊടിയുന്ന പ്രക്രിയയായിരുന്നു.

അൽഫോൻസാമ്മയുടെ പരിധിയില്ലാത്ത സ്നേഹവും പരാതിയില്ലാത്ത സഹനവുമാണ് അവളെ വിശുദ്ധിയുടെ സോപാനത്തിലേക്ക് ഉയർത്തിയത്. പലപ്പോഴും നമ്മുടെയൊക്കെ ജീവിതം പരാജയപ്പെട്ടു പോകുന്നത് സഹനങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കാൻ സാധിക്കാതെ വരുമ്പോഴാണ്. സന്തോഷങ്ങളെ ഇരുകൈയ്യും നീട്ടി സ്വീകരിക്കുന്ന നമ്മുടെ ജീവിതത്തിൽ ചെറിയ ഒരു വിഷമം വന്നാൽ നാം നമ്മെ സൃഷ്ടിച്ച് പരിപാലിച്ച ദൈവത്തെപ്പോലും കുറ്റം പറഞ്ഞ്, എന്തിന് ഈ സഹനങ്ങൾ എന്ന് പിറുപിറുത്തും ദൈവത്തിൽ നിന്ന് ഓടിയകലുമ്പോൾ, സഹനം തരിക, സഹിക്കാനുള്ള കൃപ എനിക്ക് നൽകുക എന്നു പ്രാർത്ഥിച്ച അൽഫോൻസാമ്മയെ നാം മാതൃകയാക്കണം. അൽഫോൻസാമ്മ തന്റെ ജീവിതത്തിലുണ്ടായ സഹനങ്ങളെ ഈശോയുടെ സ്നേഹചുംബനമായി കണ്ടതുകൊണ്ടാണ് അവൾക്ക് അത് സന്തോഷപൂർവ്വം സഹിക്കാൻ സാധിച്ചത്. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ഓരോ സഹനവും തമ്പുരാന്റെ സ്നേഹചുംബനമാണെന്ന് മനസിലാക്കി ജീവിക്കാനുള്ള കൃപയ്ക്കായി ദാഹിക്കാം, പരിശ്രമിക്കാം.

മണ്ണിൽ കലം ഉണ്ടെങ്കിൽ
കുരുവിൽ മരം ഉണ്ടെങ്കിൽ
മുട്ടയിൽ കുയിൽ ഉണ്ടെങ്കിൽ
നമ്മിലും ഒരു വിശുദ്ധയുണ്ടെന്ന് മറക്കാതിരിക്കാം.

ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്ന ഈശോയുടെ വാക്കുകളെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് സഹനത്തിലൂടെ ഇശോയെ പിഞ്ചെന്ന വി. അൽഫോൻസാമ്മയുടെ ജീവിതം നമുക്കും മാതൃകയാക്കാം. സഹനത്തെ ദൈവത്തിന്റെ ചുംബനമായി കാണാൻ നമുക്ക് പരിശ്രമിക്കാം. നല്ല ദൈവം സ്നേഹചുംബനത്താൽ എല്ലാവരെയും അനുഗ്രഹിക്കട്ടെ. ആമ്മേൻ